# ഇന്നലെകളിലെ ഓർമ്മകൾ... വയോജനങ്ങൾക്കായി തിരുവനന്തപുരത്തിന്റെ പ്രത്യേക മത്സരം

കൊറോണ വൈറസ് വ്യാപനം തടയുന്നത് ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ കാലത്തിലൂടെ കടന്ന് പോകുമ്പോൾ ജില്ലയിലെ വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക മത്സരം സംഘടിപ്പിച്ച് തിരുവനന്തപുരം ജില്ലാമിഷൻ. ജില്ലയിലെ വയോജന അയൽക്കൂട്ട അംഗങ്ങൾക്ക് വേണ്ടി ഇന്നലെകളിലെ ഓർമ്മകൾ എന്ന പേരിലാണ് ജില്ലാമിഷൻ മത്സരം സംഘടിപ്പിച്ചത്. ഏപ്രിൽ രണ്ട് മുതൽ 14 വരെയായിരുന്നു മത്സരം.

ലോക്ക് ഡൗൺ കാലത്ത് വയോജനങ്ങൾ നേരിടുന്ന വിരസത അകറ്റുക, കൂടാതെ പുതുതലമുറയ്ക്ക് ഗുണകരമാകും വിധം വയോജനങ്ങളുടെ അറിവുകൾ ഉപയോഗപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു രണ്ട് ഘട്ടങ്ങളിലായുള്ള ഈ മത്സരം സംഘടിപ്പിച്ചത്. തങ്ങളുടെ ജീവിതകാലത്തിലെ മികച്ച ഓർമ്മകൾ/അനുഭവങ്ങൾ, കഥകൾ, കവിതകൾ എന്നിവ എഴുതി നൽകുക എന്നതായിരുന്നു മത്സരം. വാട്സ്ആപ്പ് മുഖേനയാണ് മത്സരം സംഘടിപ്പിച്ചത്.

വയോജന അയൽക്കൂട്ട അംഗങ്ങൾ കുടുംബാംഗങ്ങളുടെ വാട്സ്ആപ്പ് മുഖേന അയൽക്കൂട്ടങ്ങൾക്ക് തങ്ങളുടെ സൃഷ്ടികൾ അയച്ച് നൽകി. അയൽക്കൂട്ടത്തിൽ നിന്ന് എ.ഡി.എസിലേക്ക് ലഭിച്ച ഓരോ സൃഷ്ടികളും അയച്ചുനൽകി. ഏപ്രിൽ എട്ട് വരെയായിരുന്നു ഇതിന്റെ കാലാവധി. ഓരോ വാർഡിൽ നിന്നും മികച്ച രണ്ട് കുറിപ്പുകൾ സി.ഡി.എസിൽ നൽകുകയും ഓരോ സി.ഡി.എസിലും ലഭിച്ച മികച്ച 2

കുറിപ്പുകൾ വീതം തെരഞ്ഞെടുക്കുകയും ചെയ്യുന്ന രീതിയിലാണ് മത്സരത്തിന്റെ ആദ്യ ഘട്ടം സംഘടിപ്പിച്ചത്. ഏപ്രിൽ 14ന് ഈ പ്രവർത്തനങ്ങൾ പൂർത്തിയായി.

ജില്ലയിലെ 83 സി.ഡി.എസുകളിൽ ലഭിച്ച എൻട്രികളിൽ നിന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ മികച്ച രണ്ട് എൻട്രികൾ വീതം തെരഞ്ഞെടുക്കുന്നു. ജില്ലയിലെ 11 ബ്ലോക്കുകളിൽ നിന്ന് ഇങ്ങനെ തെരഞ്ഞെടുത്ത 22 എൻട്രികൾ അയച്ചു നൽകിയവരെ പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാതലത്തിൽ മത്സരം നടത്തും. വിദഗ്ധ ജഡ്ജിങ് പാനലിനെക്കൊണ്ട് ഇതിൽ നിന്ന് മികച്ച സൃഷ്ടികൾ തെരഞ്ഞെടുക്കുകയും അന്തിമ വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ് രണ്ടാംഘട്ടം. ഈ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ജില്ലയിൽ 1043 വയോജന അയൽക്കൂട്ടങ്ങളിലായി 11,821 വയോജനങ്ങളാണ് അംഗങ്ങളായുള്ളത്.